**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4483** **10-08-2021 - ൽ മറുപടിയ്ക്ക്**

**കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ കോളജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 16/06/2017ലെ G.O(MS)1131/2017/H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ തയ്യാറാക്കാൻ KITCO (ടെക്നിക്കൽ ടീം) യെ നിയമിക്കുകയും ടീം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ് തലത്തിൽ അംഗീകരിച്ച് സമർപ്പിക്കുകയും, KIIFBയിലേക്ക് നൽകുന്നതിനുള്ള ഭരണാനുമതി KITCOക്ക് നൽകുകയും, അംഗീകരിച്ച മാസ്റ്റർ പ്ലാൻ/ ഡി.പി.ആർ KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | സർക്കാർ -എയ്ഡഡ് കോളേജുകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനായി 05/11/2020ലെ G.O(Ms)389/ 2020/HEDN, 11/12/2020ലെ G.O(Ms)431/2020/HEDN, 30/12/2020ലെ G.O(Ms)473/2020/HEDN എന്നീ ഉത്തരവുകൾ പ്രകാരം പുതിയ കോഴ്സുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ